**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മേയ് മാസം മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ റവന്യൂ വകുപ്പ്, ഭവനനിർമ്മാണ വകുപ്പ് എന്നിവ മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ; | (എ) | 2016 മേയ് മാസം മുതൽ റവന്യൂ വകുപ്പ്, ഭവന നിർമ്മാണ വകുപ്പ് എന്നിവ മുഖേന പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് വില്ലേജ് നിർമ്മാണം, നവീകരണം, ചുറ്റമതിൽ നിർമ്മാണം എന്നീ പ്രവർത്തികളുടെ വിവരങ്ങൾ, അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി വിവരം എന്നിവ അനുബന്ധം-1-ൽ കാണാവുന്നതാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ ആകെ എത്ര പേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയിട്ടുണ്ട്; ഇവ വില്ലേജ്, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും നിലവിൽ എത്രയെണ്ണം വിതരണത്തിന് തയ്യാറായിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിന്റെ ഭാഗമായി കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കകളിലെ 13 വില്ലേജുകളിൽ നിന്ന് 2016 മുതൽ നാളിതുവരെ വിതരണം ചെയ്തിട്ടുള്ള പട്ടയം, കൈവശരേഖ എന്നിവയുടെ വില്ലേജ്, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-2-ൽ കാണാവുന്നതാണ്. |
| (സി) | പാറശ്ശാല മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ബി.റ്റി.ആറിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനും തുടർന്ന് അർഹരായവർക്ക് നിലവിലെ ചട്ടപ്രകാരം പട്ടയം നൽകുന്നതിനുമായി 16.04.2025 ൽ സ.ഉ (കൈ) നം. 99/2025/RD നം. സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ടെന്നും ടി പ്രദേശം സർവ്വേ ചെയ്യുന്നതിനായി പട്ടയമിഷന്റെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിൽ സർവ്വേ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും സർവ്വേ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മറ്റ് പട്ടയ ജോലികൾക്കുമായി ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവ് ലഭ്യമായതിന് ശേഷം മൂന്ന് വില്ലേജുകളിൽ നിന്നായി നിലവിൽ 1230 പേരുടെ അപേക്ഷ (വാഴിച്ചൽ - |

| | | | |
|---|---|---|---|
| | | | 823, അമ്പൂരി - 297, കള്ളിക്കാട് - 110) ലഭ്യമായിട്ടുണ്ട്. വാഴിച്ചൽ വില്ലേജിലെ സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്. സർവ്വേയർമാർ തയ്യാറാക്കിയിട്ടുള്ള സ്കെച്ചുകൾ പരിശോധിക്കുമ്പോൾ റിസർവോയറിനോട് ചേർന്നും കൈവശക്കാർ ഉള്ളതായി കാണുന്നു. ആയതിനാൽ ഇറിഗേഷൻ വകുപ്പ് MFL & FRL എന്നിവ ഫിക്സ് ചെയ്യുന്ന ജോലികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഡി) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ 2006-ലെ വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ ലഭിച്ചവരുടെ ഭൂമി ഫോറസ്റ്റ് വില്ലേജിൽ നിന്നും മാറ്റി റവന്യൂ വില്ലേജ് ആക്കി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നടപടികൾ എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ഡി) | ഫോറസ്റ്റ് വില്ലേജ് റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച പട്ടിക ഗോത്ര വർഗ്ഗങ്ങളും പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം (വനാവകാശ നിയമം- 2006) പ്രകാരം ROR നൽകിയ പട്ടികവർഗ്ഗ നഗറുകൾ, പ്രകൃതി, ഉന്നതികൾ എന്നിവ നിലനിൽക്കുന്ന ഭൂമി (ഫോറസ്റ്റ് വില്ലേജ്) റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്തുന്നതിന് 03.02.2025 ലെ സ.ഉ (കൈ) 30/2025/RD സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതു പ്രകാരം ജില്ലയിൽ നാളിതുവരെ നൽകിയിട്ടുള്ള വനാവകാശ രേഖകളുടെ (ROR) സപ്ലിമെന്ററി ബി.ടി.ആർ തയ്യാറാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ നെടുമങ്ങാടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും കരം ഒടുക്കുന്നതിനു വേണ്ടിയുള്ള സപ്ലിമെന്ററി ബി.ടി.ആർ തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഭൂനികുതി ഒടുക്കുന്നതിനു വേണ്ടി ReLIS -ൽ മൊഡ്യൂൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം സ്റ്റേറ്റ് ഐ.റ്റി സെൽ മുഖാന്തിരം നടന്നു വരുന്നതാണ്. ആയതു പൂർത്തിയാക്കുന്ന മുറയ്ക്ക് കരം ഒടുക്കാൻ കഴിയുന്നതാണ്. കാട്ടാക്കട താലൂക്കിൽ വാഴിച്ചൽ വില്ലേജിൽ 673 കേസുകളും, മണ്ണൂർക്കര വില്ലേജിൽ 59 കേസുകളും ചേർത്ത് ആകെ 732 കേസുകൾ പരിവർത്തനം ചെയ്തു ഭൂനികുതി സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (ഇ) | പെരുങ്കടവിള, കീഴാറൂർ വില്ലേജുകളിൽ രാജപാത പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണത്തിൽ പരിശോധന പൂർത്തിയാക്കി അർഹരായവരെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | കാട്ടാക്കട താലൂക്കിലെ കീഴാറൂർ വില്ലേജിൽ നിന്നും രണ്ട് രാജപാത പുറമ്പോക്കിൽപ്പെട്ട 14 പേരുടെ ഭൂമിപതിവ് അപേക്ഷ ലഭ്യമായിട്ടുണ്ട്. 14 പേരുടെയും അപേക്ഷയിന്മേൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ടി കക്ഷികൾക്ക് അപേക്ഷാ ഭൂമിയോട് ചേർന്ന് രജിസ്റ്റേഡ് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ടി കക്ഷികൾ |

| | | | |
|---|---|---|---|
| | | | സൗജന്യ ഭൂമി പതിവിന് അർഹരല്ല എന്ന് കാണുന്നു. രജിസ്റ്റേഡ് ഭൂമിയിലും അപേക്ഷാവസ്തുവിലുമായി വീട് സ്ഥിതി ചെയ്യുന്നു എന്ന് കണ്ടെത്തിയ 12 പേർ ബെനിഫിഷ്യൽ എൻജോയ്മെന്റ് പ്രകാരമുള്ള ഭൂമി പതിവിന് അർഹരാണ് എന്ന് കാണുന്നു. പെരുങ്കടവിള വില്ലേജിൽ നിലവിൽ ഇത്തരം അപേക്ഷകൾ ലഭ്യമല്ല. |
| (എഫ്) | രാജപാത പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിച്ച് പട്ടയ വിതരണം എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | (എഫ്) | കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 26 ൽ റീസർവ്വേ നമ്പർ 271/14, 269/2 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയാണ് രാജപാത എന്ന് അറിയപ്പെടുന്നത്. ബിടിആർ പ്രകാരം നിലവിൽ ടി ഭൂമി PWD റോഡ് പുറമ്പോക്ക് ആണ്. ആയതിനാൽ തുടർനപടികൾ സ്വീകരിക്കുന്നതിന് ടി ഭൂമി റോഡിന്റെ ഭാവി വികസനത്തിന് ആവശ്യമാണോ എന്ന വിവരം ലഭ്യമാകേണ്ടതുണ്ട്. ടി വിവരം ലഭ്യമാകുന്നതിന് PWD റോഡ് സെക്ഷൻ കുന്നത്തുകാൽ -ന് കാട്ടാക്കട തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്. PWD യുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായവർക്ക് ബെനിഫിഷ്യൽ എൻജോയ്മെന്റ് പ്രകാരം ടി ഭൂമി പതിച്ചു നൽകുന്നതിന് നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർ മുഖേന നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) | മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ജി) | പട്ടയ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി അർഹരായി എല്ലാവർക്കും കേരള ഭൂമി പതിവ് ചട്ട പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താലൂക്ക്/ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി, പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| ക്രമ നം | പ്രവൃത്തി | പദ്ധതി | ഭരണാനുമതി ഉത്തരവ് | ഭരണാനുമതി തുക | ഏജൻസി | നിലവിലെ സ്ഥിതി വിവരം |
|---|---|---|---|---|---|---|
| 1 | വെള്ളറട സ്മാർട്ട് വില്ലേജ് നിർമ്മാണം | RKI | G.O (Rt) No. 418/2020/P&EA dated 03.11.2020 | 45, 19,540 | സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | നിർമ്മാണം പൂർത്തീകരിച്ച് 05.04.2023 ന് ഉദ്ഘാടനം നടന്നു |
| 2 | കൊല്ലയിൽ സ്മാർട്ട് വില്ലേജ് നിർമ്മാണം | RKI | G.O (Rt) No. 90/2021/P&EA dated 12.02.2021 | 45,65,712 | സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | നിർമ്മാണം പൂർത്തീകരിച്ച് 05.04.2023 ന് ഉദ്ഘാടനം നടന്നു |
| 3 | അമ്പൂരി സ്മാർട്ട് വില്ലേജ് നിർമാണം | RKI | G.O (Rt) No. 118/2021/P&EA dated 25.10.2021 | 44,00,000 | ജില്ലാ നിർമ്മിതി കേന്ദ്രം | നിർമ്മാണം പൂർത്തീകരിച്ച് 05.04.2023 ന് ഉദ്ഘാടനം നടന്നു |
| 4 | ഒറ്റശേഖരമംഗലം സ്മാർട്ട് വില്ലേജ് നിർമ്മാണം | RKI | G.O (Rt) No. 90/2021/P&EA dated 12.02.2021 | 45,18,830 | സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | നിർമ്മാണം പൂർത്തീകരിച്ച് 03.10.2024 ന് ഉദ്ഘാടനം നടന്നു |
| 5 | പരശുവയ്ക്കൽ സ്മാർട്ട് വില്ലേജ് നിർമ്മാണം | പ്ലാൻ സ്കീം 2018-19 | സ.ഉ (സാധാ) നം. 2239/18/റവ തീയതി 14.06.2018 | 38,00,000 | HLL | നിർമ്മാണം 28.10.2020 ന് പൂർത്തീകരിച്ചു |
| 6 | കുന്നത്തുകാൽ സ്മാർട്ട് വില്ലേജ് നിർമാണം | പ്ലാൻ സ്കീം 2019-2020 | സ.ഉ (സാധാ) നം. 2150/19/റവ തീയതി 03.08.2019 | 44,00,000 | KEL | നിർമ്മാണം 25.05.2021 ന് പൂർത്തീകരിച്ചു |
| 7 | ആനാവൂർ വില്ലേജ് ഓഫീസ് നവീകരണം | പ്ലാൻ സ്കീം 2020-21 | സ.ഉ (സാധാ) നം. 3169/20/റവ തീയതി 16.10.2020 | 14,46,000 | ജില്ലാ നിർമ്മിതി കേന്ദ്രം | നിർമ്മാണം 17.03.2023 ന് പൂർത്തീകരിച്ചു |
| 8 | വാഴിച്ചൽ | പ്ലാൻ | സ.ഉ (സാധാ) | 45,00,000 | ജില്ലാ | 2025 മാർച്ച് |

| | | | | | | |
|---|---|---|---|---|---|---|
| | സ്മാർട്ട് വില്ലേജ് നിർമ്മാണം | സ്കീം 2024-25 | നം. 335/25/റവ തീയതി 11.02.2025 | | നിർമ്മിതി കേന്ദ്രം | മാസം മുതൽ DSoR 2021 പ്രകാരമുള്ള പ്രൈസ് അപ്ഡേഷൻ നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാകുന്നു. |
| 9 | വെള്ളറട വില്ലേജ് ഓഫീസ് ചുറ്റമതിൽ നിർമ്മാണം | പ്ലാൻ സ്കീം 2023-24 | ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.11.2023 ലെ LR/11273/23-LR(M5) നമ്പർ നടപടിക്രമം | 8,79000 | സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | നിർമ്മാണം പൂർത്തീകരിച്ചു. |

അനുബന്ധം-2

| **ക്രമ നം.** | **വില്ലേജ്** | **പഞ്ചായത്ത്** | **എൽ.എ പട്ടയങ്ങൾ** | **എൽ.റ്റി പട്ടയങ്ങൾ** | **കൈവശരേഖ** |
|---|---|---|---|---|---|
| 1 | അമ്പൂരി | അമ്പൂരി | 28 | 0 | 1 |
| 2 | കള്ളിക്കാട് | കള്ളിക്കാട് | 139 | 3 | 1 |
| 3 | വാഴിച്ചൽ | അമ്പൂരി | 19 | 1 | 0 |
| | | കള്ളിക്കാട് | 8 | 0 | 0 |
| 4 | കീഴാറൂർ | ആര്യൻകോട് | 61 | 2 | 0 |
| 5 | ഒറ്റശേഖരമംഗലം | ഒറ്റശേഖരമംഗലം | 82 | 16 | 1 |
| 6 | വെള്ളറട | വെള്ളറട | 159 | 1 | 0 |
| 7 | പരശുവയ്ക്കൽ | പരശുവയ്ക്കൽ | 74 | 0 | 0 |
| 8 | പാറശ്ശാല | പാറശ്ശാല | 13 | 0 | 1 |
| 9 | പെരുങ്കടവിള | പെരുങ്കടവിള | 11 | 0 | 1 |
| 10 | കുന്നത്തുകാൽ | കുന്നത്തുകാൽ | 110 | 0 | 0 |
| 11 | കൊല്ലയിൽ | കൊല്ലയിൽ | 38 | 3 | 1 |
| 12 | ആനാവൂർ | ആനാവൂർ | 7 | 1 | 0 |
| **ആകെ** | | | **749** | **27** | **6** |

നിലവിൽ വിതരണത്തിന് തയ്യാറാക്കിയിട്ടുള്ള പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | എൽ.എ പട്ടയങ്ങൾ | എൽ.റ്റി പട്ടയങ്ങൾ |
|---|---|---|---|
| 1 | അമ്പൂരി | 9 | 0 |
| 2 | വാഴിച്ചൽ | 10 | 0 |
| 3 | ഒറ്റശേഖരമംഗലം | 5 | 1 |
| 4 | കള്ളിക്കാട് | 0 | 1 |